സാഹിത്യവാരഫലം

1971/03/24 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2022, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1971/03/24-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ഹൃദയംവേറെ, രക്താശയംവേറെ

ഹോസ് ഒർട്ടിഗ ഇ ഗാസറ്റ്

“ചന്ദ്രനുദിച്ചു: ഇരുട്ടകന്നു; ലോകമാകെ നിലാവിൽ മുങ്ങി!” ഈ രീതിയിൽ ആരെങ്കിലും പറഞ്ഞുവെന്നിരിക്കട്ടെ നമുക്കു കാര്യം മനസ്സിലായി, ഒട്ടൊക്കെ ആഹ്ലാദവും ഉണ്ടാകുന്നു. രണ്ടുതരത്തിലാണ് ആഹ്ലാദം ജനിക്കുക, പറയുന്നതിന്റെ അർത്ഥം മനസ്സിലാക്കുന്നതുകൊണ്ടു നമുക്ക് സന്തോഷം. നിലാവിൽ മുങ്ങിലോകം നില്ക്കുന്നതിന്റെ ചിത്രം മനസ്സിൽ അങ്കുരിക്കുന്നതുകൊണ്ട് സന്തോഷം. എന്നാൽ ഇന്നത്തെ രീതിയിൽ ഇതൊന്നുമല്ല, മനുഷ്യന് മനസ്സിലാകുന്ന രീതിയിൽ എന്തുപറഞ്ഞാലും അതിനു ഭംഗിയില്ല നവീനതയില്ല എന്നാണ് ചിലരുടെ വിചാരം. അവർ ഈ ആശയം ആവിഷ്കരിക്കുന്നത് ഇങ്ങനെയായിരിക്കും: “കടുപ്പംകൂടിയ കട്ടൻ കാപ്പിയിൽ ചന്ദ്രശേഖരൻനായർ പാലൊഴിച്ച് വെളുപ്പനിറം വരുത്തി.” പാവപ്പെട്ട വായനക്കാർ വിചാരിക്കുന്നുണ്ടാവും ചന്ദ്രശേഖരൻ നായരെന്ന മനുഷ്യൻ കാച്ചിയ പാല് കാപ്പിയിലൊഴിച്ച് ആർക്കോ കുടിക്കാൻ പാകത്തിൽ തയ്യാറാക്കിവച്ചുവെന്നു”. സംസ്കൃതമറിയാമെന്നു ഭാവിക്കുകയും യഥാർത്ഥത്തിൽ അത് അറിയാൻ പാടില്ലാതിരിക്കുകയും ചെയ്യുന്നവരുടെ ഭാഷയിൽ പറഞ്ഞാൽ “പ്രമാ ജടില!” ഇവിടെ ചന്ദ്രശേഖരൻനായരുമില്ല. കട്ടൻ കാപ്പിയുമില്ല, പാലുമില്ല. പിന്നെന്താണ്? കട്ടൻ കാപ്പിയെന്നു പറഞ്ഞാൽ കൂരിരുട്ട് എന്നർത്ഥം. പാലൊഴിച്ചു വെളുപ്പനിറം വരുത്തിയെന്നു പറഞ്ഞാൽ നിലാവ് പരന്നപ്പോൾ ഇരുട്ടുമാറിയെന്നും നാം മനസ്സിലാക്കിക്കൊള്ളണം. ചന്ദ്രശേഖരൻനായർ ആകാശത്തിൽ പരിലസിക്കുന്ന ചന്ദ്രൻതന്നെ. ഇമ്മാതിരി പ്രയോഗങ്ങൾ അധികവും കവിതയിലാണുള്ളത്. ഏത് മരമണ്ടനും ഈ രീതിയിൽ എഴുതാമെന്നത് ആധുനികർ മറന്നുപോകുന്നു. മറന്നിട്ട് ഇതൊക്കെ ഭാവനയാണെന്ന് അവർ ഉദ്ഘോഷിക്കുകയും ചെയ്യുന്നു. ഒരുകാര്യം സമ്മതിക്കണം, ഈ നൂതനകല്പനകൾ ചിരിക്കാനുള്ള വകയെങ്കിലും നമുക്കു നൽകുന്നുണ്ട്. ഗദ്യകാരന്മാരുടെ രീതി ഇതല്ല. തികച്ചും അർത്ഥരഹിതങ്ങളായി കുറേ വാക്യങ്ങൾ എഴുതുക എന്നതിൽക്കവിഞ്ഞു അവർക്കു മറ്റൊരു ലക്ഷ്യവുമില്ല. ഉദാഹരണം വേണമെന്നുണ്ടെങ്കിൽ ചിത്രകാർത്തികയുടെ 32-ാം ലക്കത്തിൽ ശ്രീ. കെ. ഏ. ജോസ് എഴുതിയ “തടവറകൾ” എന്ന കഥ നോക്കിയാൽ മതി. എന്തൊക്കെയോ അദ്ദേഹം പറയുന്നു. അങ്ങനെ അർത്ഥശൂന്യമായി, ബന്ധരഹിതമായി എഴുതുന്നതിലാണ് കലയിരിക്കുന്നതെന്ന് അദ്ദേഹം തെറ്റിദ്ധരിക്കുന്നു. ഈ വിധത്തിൽ എഴുതുന്നതുകൊണ്ട് അനുവാചകന്റെ വെറുപ്പുകൂടി കഥാകാരൻ നേടുന്നുണ്ട്. “ഞാൻ നിങ്ങളുടെ കഥ വായിച്ചു. എനിക്ക് അതിലെ ഓരോ വാക്യവും മനസ്സിലായി. നിങ്ങളുടെ കഥ വെറും ചവറാണ്” എന്ന് ഉദ്ഘോഷിക്കുന്ന നിരൂപകന് അല്ലെങ്കിൽ അനുവാചകന് വിജയോന്മത്തന്റെ മട്ടാണ്. വിജയം നേടിയവർ പരാജിതരെ വെറുക്കുകയില്ല. നേരേ മറിച്ചാണ് ദുർഗ്രഹത സൃഷ്ടിക്കുന്നവരോട് അനുവാചകർക്കുള്ള മാനസികനില. കഥ മനസ്സിലാകാത്തതുകൊണ്ട് കഥാകാരൻ തങ്ങളെ അവഗണിക്കുന്നു എന്നൊരു തോന്നൽ അവർക്കുണ്ടാകുന്നു. ആ തോന്നൽ വിദ്വേഷമായി മാറും. ഹോസ് ഒർട്ടിഗ ഇ ഗാസറ്റ് എന്ന സ്പാനിഷ് ചിന്തകൻ Dehumanization of Art എന്ന പ്രബന്ധത്തിൽ ഈ രീതിയിൽതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ടെന്നാണ് എന്റെ ഓർമ്മ… നീലത്തറയിൽ നിന്നു ചന്ദ്രശേഖരൻനായർ ഒഴുക്കുന്ന പാൽക്കാപ്പി എന്റെ വീട്ടിലെ ജന്നൽക്കമ്പികളുടെ ഇടയിലൂടെ ഒഴുകിവന്ന് മേശപ്പുറത്ത് വ്യാപിക്കുന്നു. അടുക്കളയിൽ തീയാകുന്ന ദുഃഖത്തിന്റെ മുകളിൽ മൂകതയാകുന്ന കരിക്കലമിരിക്കുന്നു. അതിനുള്ളിൽ ആഗ്രഹമാകുന്ന കഞ്ഞി വെട്ടിവെട്ടി തിളയ്ക്കുന്നു. ഹാ! എന്റെ ഭാവന എത്ര ഉജ്ജ്വലം! ജോസേ ഇങ്ങനെയെങ്കിലും എഴുതാൻ ശീലിക്കൂ. അങ്ങനെ എന്നെപ്പോലെ ഒരത്യന്താധുനികനെങ്കിലും ആകൂ.

അഭിവന്ദ്യനായ ശ്രീ. സി. കേശവനോടൊരുമിച്ച് ഞാനൊരു മീറ്റിങ്ങിനു പോകുകയായിരുന്നു. ഒരു സ്ഥലത്തെത്തിയപ്പോൾ ഒരു സ്ഥാപനം ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം ചോദിച്ചു: “ഇതെന്താണ്?” ഒരു ജപ്പാൻകാരനെ ശത്രുക്കളിൽനിന്ന് ഒരു തിരുവിതാംകൂറുകാരൻ രക്ഷിച്ചതിനുവേണ്ടി ആ ജപ്പാൻകാരൻ കൃതജ്ഞത പ്രകാശിപ്പിച്ചതിന്റെ പ്രത്യക്ഷലക്ഷ്യമാണ് ആ വലിയ സ്ഥാപനമെന്ന് ഞാൻ വിശദീകരിച്ചു. അപ്പോൾ സി. കേശവൻ ചോദിച്ചു: “നന്ദിയെന്നു പറഞ്ഞത് ഉണ്ടോ?” അദ്ദേഹത്തിന്റെ സംശയത്തിൽ ഒരു തെറ്റുമില്ല. കൃതജ്ഞത ഈ ലോകത്തില്ല. അർദ്ധരാത്രികഴിഞ്ഞു, ആലപ്പുഴെ ഒരു സമ്മേളനത്തിൽ പങ്കുകൊണ്ടിട്ട് ഞാൻ തിരുവനന്തപുരത്തേക്കു മടങ്ങിപ്പോകുകയാണ്. കാർ ഓച്ചിറ കഴിഞ്ഞപ്പോൾ ഒരു വൃദ്ധനും യുവാവും യുവതിയും റോഡിന്റെ വശത്തുനിന്നു ദയനീയമായി കൈകാണിക്കുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ആരു കൈകാണിച്ചാലും ഞാൻ കാർ നിറുത്താൻ സമ്മതിക്കാറില്ല. പക്ഷേ, അവരെ എവിടെയോ വച്ച് കണ്ടിട്ടുണ്ടെന്ന് ഒരു തോന്നൽ. അതിനാൽ കാർ നിറുത്താൻ ഞാൻ ഡ്രൈവറോടു ആവശ്യപ്പെട്ടു. അത് പൂർണ്ണമായും നിന്നില്ല. അതിനു മുൻപ് വൃദ്ധൻ വാതോരാതെ പറഞ്ഞുതുടങ്ങി: “ഞങ്ങൾ തിരുവനന്തപുരത്തുകാരാണ്. ഇവരുടെ ഒരു കാര്യമായി വന്നു. തിരിച്ചുപോകാൻ ബസ്സില്ല. ട്രാൻസ്പോർട്ട് സ്ട്രൈക്കാണ്. നിങ്ങൾ തിരുവനന്തപുരത്ത് പോകുകയാണോ? എങ്കിൽ ഞങ്ങളേക്കൂടെ കൊണ്ടുപോണേ. പുണ്യം കിട്ടും.” ഞാൻ എഴുന്നേറ്റ് കാറിന്റെ മുൻസീറ്റിലിരുന്നു. അവർ പിറകേവശത്തു ഇരിപ്പായി. കാർ തിരുവനന്തപുരത്തെത്തിയപ്പോൾ അവർ പാളയത്തിലിറങ്ങാൻ ഭാവിച്ചെങ്കിലും ഞാൻ സമ്മതിച്ചില്ല. അവരെ വീട്ടിൽ കൊണ്ടാക്കിയിട്ടു ഞാൻ എന്റെ വീട്ടിലേക്കു പോന്നു. കൂടുതൽ സവാരി എന്നതിന്റെ പേരിൽ ഡ്രൈവർ എന്റെ കൈയിൽ നിന്ന് ആറുരൂപ വാങ്ങുകയും ചെയ്തു… ഒരു മാസത്തിനു മുൻപ് ഏതോ കാര്യത്തിന്റെ പേരിൽ തിരുവനന്തപുരത്തു മാത്രം ട്രാൻസ്പോർട്ട് സ്ട്രൈക്ക് ഉണ്ടായി. ഞാൻ അത്യാവശ്യമായി ടൗണിലേയ്ക്കു പോകാൻ ജങ്ഷനിൽ കാത്തുനില്ക്കുകയാണ്. ഒറ്റ ടാക്സിപോലുമില്ല. അപ്പോഴുണ്ട് ഒരു പ്രൈവറ്റ് കാർ വളരെ പതുക്കെ എന്റെ അടുക്കലേക്കു വരുന്നു. മുൻ സീറ്റിൽ ഒരു കിഴവൻ. പിറകിലത്തെ സീറ്റിൽ ഒരു യുവാവും യുവതിയും. എന്നെക്കണ്ടയുടനെ യുവതി മുന്നോട്ടാഞ്ഞ് കിഴവനെ തൊട്ടുവിളിച്ച് എന്തോ പറഞ്ഞു. “അന്ന് ഓച്ചിറനിന്നു നമ്മെ കാറിൽ കൊണ്ടുവന്ന ആളാണ്.” എന്ന് അവൾ പറയുന്നത് ഞാൻ വ്യക്തമായികേട്ടു. കിഴവൻ അതുകേട്ട് നീരസത്തോടെ “വേണ്ട” എന്ന മട്ടിൽ കൈവീശി. കാറും “സ്പീഡെടുത്ത്” അങ്ങു പോകുകയും ചെയ്തു. പെണ്ണുങ്ങൾ പൊതുവേ നന്ദികെട്ടവരാണെന്ന് ഞാൻ വിശ്വസിച്ചിരുന്നു. തെറ്റ്. സ്ത്രീകളെക്കാൾ നന്ദികെട്ടവരാണ് കിഴവന്മാർ. അവർക്ക് ഒരു മൃദുവികാരവുമില്ല. സ്വന്തം മരണത്തെക്കുറിച്ചുള്ള വിചാരമല്ലാതെ വേറൊന്നും അവരെ ചലിപ്പിക്കുകയില്ല. പെൺകുട്ടികൾ എഴുതാറുള്ള അതിഭാവുകത്വം കലർന്ന ചെറുകഥകൾ വായിക്കുമ്പോഴെല്ലാം ഞാൻ ഓച്ചിറനിന്ന് കാറിൽകയറിയ കിഴവനായി മാറാറുണ്ട്. ഒരു ചലനവും അത്തരം കഥകൾ എന്നിലുളവാക്കാറില്ല.

കുങ്കുമം വാരികയിൽ സുനി എഴുതിയ ‘ഊർമ്മിള’ എന്ന ചെറുകഥ വായിച്ചപ്പോഴാണ് ഞാൻ ആ ഓച്ചിറക്കിഴവനെ ഓർമ്മിച്ചുപോയത്. ചെറുകഥയുടെ ഇതിവൃത്തം ഇന്നുവരെ എല്ലാ പെൺകുട്ടികളും കണ്ടുപിടിച്ചിട്ടുള്ള ഇതിവൃത്തംതന്നെ. അവൾ അയാളെ സ്നേഹിക്കുന്നു. അയാൾ കുറേക്കാലം അവളെ ‘പ്രേമിച്ചോണ്ടിരുന്നിട്ട്’ അങ്ങു മാറിപ്പോകുന്നു. അവൾ നൈരാശ്യത്തിൽ വീഴുന്നു. ഇത്തരം കഥകളെ പ്രേമകഥകളെന്നു വിളിക്കാൻ വയ്യ. പ്രേമരോഗമാണ് ഇവയിലുള്ളത്. കലാസൃഷ്ടികളെ ലിറിക്കൽ ഇമ്മേജസ്—lyrical images—എന്നു ഒരു നിരൂപകൻ വിളിക്കുന്നു. സുനിയുടെ കഥ ഭാവാത്മകവാങ്മയ ചിത്രമല്ല, അത് വെറും കാരിക്കേച്ചർ—ഹാസ്യചിത്രം—ആയിത്തീർന്നിരിക്കുന്നു.

ഞാൻ ഇങ്ങനെ സ്വകീയങ്ങളായ അനുഭവങ്ങൾ സാഹിത്യസിദ്ധാന്തങ്ങളോടു കൂട്ടിക്കലർത്തി എഴുതുന്നതും കലാമൂല്യമില്ലാത്ത കൃതികളെ എതിർക്കുന്നതും ഒരു ശ്രീമതിക്കു എതിരെ ഇഷ്ടപ്പെടുന്നില്ല. ഒട്ടും ശാലീനതയില്ലാതെ, പുരുഷന്റെ മട്ടിൽത്തന്നെ അവർ എന്നെ ആക്ഷേപിക്കുന്നു. “നിങ്ങളുടെ മനസ്സിന്റെ ആവർത്തനങ്ങൾ, കുറ്റിയിൽ തളച്ച പശുവിന്റെ വട്ടം കറങ്ങൽ, നിങ്ങളെ മടുപ്പിക്കാത്തതുകൊണ്ടു മാത്രം എനിക്കും ആസ്വാദ്യമാകുമെന്നു നിങ്ങളെങ്ങനെ തെറ്റിദ്ധരിച്ചു?” “എത്ര നാളായി ഈ കഠോരസ്വരവും കാട്ടാളനൃത്തവും?” എന്നൊക്കെയാണ് ശ്രീമതിയുടെ ചോദ്യങ്ങൾ. അല്പപ്രഭാവനായ എന്നെ ഉദ്ദേശിച്ചുമാത്രമല്ല ഈ ചോദ്യങ്ങൾ. ശ്രീ. പി. കുഞ്ഞിരാമൻനായർ, ശ്രീമതി മാധവിക്കുട്ടി, ശ്രീ. കെ. ബാലകൃഷ്ണൻ ഇവരെയെല്ലാം ശ്രീമതി “ലക്ഷ്യങ്ങളാ”ക്കുന്നുവെന്ന് എനിക്കു സംശയമുണ്ട്. അതു എന്തുമാകട്ടെ. എന്റെ കാര്യം പറയാം. ഞാൻ എഴുതുന്നത് നിരൂപണമല്ല, വിമർശനമല്ല എന്ന് ആയിരം തവണ വ്യക്തമാക്കിയിട്ടുണ്ട്. ചെറുകഥകൾ, കവിതകൾ ഇവ ഒരേ രീതിയിൽ വരുന്നതു കൊണ്ട് അവയെക്കുറിച്ചുള്ള അഭിപ്രായങ്ങൾക്കു ആവർത്തനസ്വഭാവം വരും. അതു വന്നിട്ടുണ്ട്, ഇനിയും വരും. സാഹിത്യത്തെസ്സംബന്ധിക്കുന്ന തത്ത്വങ്ങൾ കുറച്ചേയുള്ളൂ. അത് പിന്നെയും പിന്നെയും പറയുക എന്നതേ മാർഗ്ഗമുള്ളൂ. അക്കാര്യം സ്വകീയമായരീതിയിൽ ആവിഷ്കരിക്കുമ്പോൾ ചിലപ്പോൾ ശബ്ദം “കഠോര”മാകാറുണ്ട് സമ്മതിച്ചു. ഏതായാലും അത് കാട്ടാളനൃത്തമല്ല സ്വന്തം കാട്ടാളത്തത്തെ ശ്രീമതി മറ്റുള്ളവരിൽ ആരോപിക്കരുത്. ഗഹനമാകരുത് എന്നു കരുതിക്കൂട്ടി എഴുതുന്ന ഈ ലേഖനങ്ങൾ ഒട്ടുവളരെ പേർ വായിക്കുന്നുണ്ട്. ശ്രീമതി മാധവിക്കുട്ടിയുടെ “എന്റെ കഥ” മലയാളനാട് വാരികയിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന കാലത്ത് പൗരധ്വനിവാരികയുടെ എഡിറ്റർ ശ്രീ. അനുജൻ അത്തിക്കയം ഒരു “ഗാലപ്പ് പോൾ” (Gallup Poll) നടത്തി “മലയാളനാട്” എന്തുകൊണ്ടാണ് ആളുകൾ വായിക്കുന്നത് എന്നായിരുന്നു അദ്ദേഹം ആരാഞ്ഞത്. സാഹിത്യവാരഫലത്തിനാണ് ഏറ്റവും കൂടുതൽ വോട്ടുകിട്ടിയതെന്ന് ശ്രീ. അനുജൻ എന്നോടു പറയുകയുണ്ടായി. ഇത് ഈ ലേഖനപരമ്പരയുടെ വൈശിഷ്ട്യത്തിന് തെളിവായി പറയുന്നതല്ല. ബഹുജനം വായിക്കുന്നു എന്നതുകൊണ്ടു വിശിഷ്ടമാകണമെന്നില്ല. അവർക്ക് അങ്ങനെ കനം കുറഞ്ഞ ലേഖനങ്ങൾ വേണം. ആ “ഡിമാൻഡി”ന് അനുസരിച്ചിട്ട് ഞാൻ “സപ്ലൈ” ചെയ്യുന്നു. ഈ ധനതത്ത്വശാസ്ത്രം ശ്രീമതി മനസ്സിലാക്കണം. ഇനി അഗാധതയാർന്ന മട്ടിൽ എഴുതാനാണെങ്കിലോ? ശ്രീമതിയെക്കാൾ എനിക്കതിനു പ്രാഗല്ഭ്യമുണ്ട്. അവരുടെ “കൺഫ്യൂഷൻ” നിറഞ്ഞ ഷേക്സ്പിയർ നോട്ടുകൾ ഞാൻ കണ്ടിട്ടുണ്ട് എന്നതിനാലാണ് ഇങ്ങനെ പറയുന്നതു. ചിന്താക്കുഴപ്പമില്ലാതെ വളരെ വ്യക്തമായി എനിക്കെഴുതാൻ കഴിയും പഠിപ്പിക്കാനും കഴിയും. ഹായ് മോശം! ഞാൻ ആത്മപ്രശംസയിൽ മുഴുകുന്നു. വായനക്കാർ സദയം ക്ഷമിക്കണം മെക്കിട്ടു കേറിയാൽ മറുപടി നല്കാതിരിക്കുന്നതെങ്ങനെ?

ശ്രീമതിയുടെ വ്യക്തിവിദ്വേഷം കലർന്ന ലേഖനം വായിച്ചുണ്ടായ വൈരസ്യം മാറ്റിക്കിട്ടിയത് ശ്രീ. പി. സുബ്ബയ്യാപിള്ള മലയാളനാട്ടിലെഴുതിയ “നഗ്നമായ” എന്ന കഥ വായിച്ചപ്പോഴാണ്. “നഗ്നമായ അഴിമതി” “നഗ്നമായ പരമാർത്ഥം”എന്നൊക്കെ ഏതിലും നഗ്നത തിരുകുന്ന ഒരേർപ്പാടുണ്ടല്ലോ നമുക്ക്. സുബ്ബയ്യാപിള്ള അതിനെയാണ് നർമ്മബോധത്തോടെ ആക്രമിക്കുന്നത്. ലക്ഷ്യവേധിയായ ആ കഥ (കഥയെന്നു പറയാമോ?) രസോത്പാദകമായിട്ടുണ്ട് ഒരളവിൽ. പൂക്കളിലും പുൽക്കൊടികളിലും നിലാവു വന്നു വീഴുമ്പോൾ അവയ്ക്കു കൂടുതൽ തിളക്കം കിട്ടാറുണ്ടല്ലോ. നിത്യജീവിതസംഭവങ്ങളിൽ ഫലിതത്തിന്റെ പ്രകാശം വീഴ്ത്തുകയാണ് ശ്രീ. സുബ്ബയ്യാപിള്ള.

വിഷർ

കഥ, കാവ്യം ഇവയിലെ സംഭവങ്ങളും കഥാപാത്രങ്ങളും അവയുടേതായ അർത്ഥം നല്കുന്നതിനുപുറമേ മറ്റു സംഭവങ്ങളെയും വ്യക്തികളെയുംകൂടി സൂചിപ്പിച്ചാൽ അത്തരം രചനകളെ ഇംഗ്ലീഷിൽ ‘അലിഗറി’ എന്നുവിളിക്കും. മലയാളത്തിൽ ഇവയ്ക്കു ലാക്ഷണികകഥകളെന്നോ അർത്ഥവാദകഥകളെന്നോ പേരുകൊടുക്കാം. ഇതെഴുതുന്നയാളിന് അലിഗറി ഇഷ്ടമല്ല. കാരണം അതിനു കലാത്മകതയില്ല എന്നതുതന്നെ. Is or is not Allegory a form of expression? I flattered myself that I had demonstrated that it is not—ലാക്ഷണിക കഥ ആത്മാവിഷ്കരണത്തിന്റെ രൂപമാണോ? അല്ലെന്നു ഞാൻ തെളിയിച്ചിട്ടുണ്ട്—എന്നു ബനഡിറ്റോ ക്രോച്ചേ. Allegory is a cold and bald product of the intellect—അലിഗറി പ്രജ്ഞയുടെ വികാരശൂന്യമായ അനാച്ഛാദിതമായ ഫലമാണ്—എന്ന് ഫ്രഡ്രിഖ് ഹേഗൽ. It is far removed from art—അതു കലയിൽ നിന്ന് അതിദൂരം അകന്നുനില്ക്കുന്നു.—എന്ന് ഹേഗൽ വീണ്ടും. It is an Index of artistic decay or artistic immaturity—അത് കലയ്ക്കുള്ള ജീർണ്ണതയേയും കലയെസ്സംബന്ധിച്ച പരിപാകമില്ലായ്മയേയും കാണിക്കുന്നു—എന്ന് വിഷർ.

ശ്രീ. എം. സുകുമാരൻ നല്ല കഥാകാരനാണ്. ആഖ്യാനപാടവം ലാളിത്യം ഇവ അദ്ദേഹത്തിന്റെ ഏതു കഥയ്ക്കും കാണും. സംഭവസന്നിവേശത്തിൽ അദ്ദേഹത്തിനു സവിശേഷമായ പ്രാഗല്ഭ്യമുണ്ട്. അതൊക്കെ മാതൃഭൂമിയിൽ അദ്ദേഹമെഴുതിയ “അയൽരാജാവ്” എന്ന അലിഗറിയിൽ ഉണ്ടുതാനും. എന്നിട്ടും അദ്ദേഹത്തിന്റെ കഥ എനിക്ക് ഇഷ്ടമായില്ല. അപരാധം ചെയ്യാത്ത ഒരുവൻ ശിക്ഷിക്കപ്പെടുന്നു. അയാൾ ഭാര്യയേയും മകനേയും പണയപ്പെടുത്തി മുന്നോട്ടു പോകുന്നു. കമ്മ്യൂണിസം നിലവിലിരിക്കുന്ന രാജ്യത്തു ചെല്ലാനാണ് അയാളുടെ ശ്രമം. അവിടെ ചെന്നുകഴിഞ്ഞാൽ തന്റെയും ഭാര്യയുടെയും മകന്റെയും പരാധീനത മാറും എന്ന് അയാൾ വിശ്വസിക്കുന്നു. അയാൾ അവിടെയെത്തി. ആഹ്ലാദത്തിലാണ്ടു. എങ്കിലും സാക്ഷാൽ കമ്മ്യൂണിസം അല്പമകലെയാണെന്നു മനസ്സിലാക്കി. സാരമില്ല. ഇത്രയും നടന്ന് അവിടെ എത്തിയ അയാൾ ആ ആദാർശാത്മക പ്രപഞ്ചത്തിലുമെത്തും. ഈ ആശയം ഒരു ഫേബിളിന്റെ—കെട്ടുകഥയുടെ—മട്ടിൽ സുകുമാരൻ ആവിഷ്കരിക്കുന്നു. കലാപ്രചോദനം ഒരഗ്നിനാളമാണ്. അതു അജാഗരിതഹൃത്തിൽനിന്ന് ജാഗരിതതലത്തിലേക്കു കടന്ന് യുക്തിയെ ചുട്ടുകരിച്ചശേഷം മിന്നൽപ്രഭ പ്രസരിപ്പിച്ച് വിരാജിക്കുന്നു. രാഷ്ട്രവ്യവഹാരം, സദാചാരം തുടങ്ങിയവയോടു ബന്ധപ്പെട്ട ആശയങ്ങൾ ആ അഗ്നിനാളത്തിൽ വച്ചുകെട്ടുമ്പോൾ അതിന്റെ കാന്തി കുറയും. കലയിൽ അടിച്ചേല്പിക്കുന്ന ഈ ബാഹ്യഘടകങ്ങൾ കലയെത്തന്നെ ഇല്ലാതാക്കും. മറ്റൊരുതരത്തിൽ പറയാം അലിഗറി കലയല്ലെന്ന് മഹാന്മാരോടൊപ്പം അല്പജ്ഞനായ ഞാനും വിശ്വസിക്കുന്നു.

ഏതു കാര്യത്തിലും നിസ്തുലരൂപം പുലർത്തിയാൽ അസദൃശത പുലർത്തിയാൽ ബഹുജനം അതു കണ്ടറിയും. ശ്രീ. തേവടി നാരായണക്കുറുപ്പിന്റെ ‘ടാഗോർ’ എന്ന മാസിക അങ്ങനെയാണ് പ്രചാരമാർന്നത് ശ്രീ. ജി. ബാലചന്ദ്രന്റെ സമന്വയം എന്ന മാസികയ്ക്കു ഈ അദ്വിതീയതയുണ്ട്. അതിൽ ശ്രീ. അമ്പലപ്പുഴ ഗോപകുമാർ എഴുതിയ “ഇനിയും നിൻ കഥ പറയൂ” എന്ന കാവ്യം ചിരപരിചിതങ്ങളായ ‘വാങ്മയചിത്രങ്ങളെ പ്രത്യക്ഷപ്പെടുത്തുന്നുണ്ടെങ്കിലും ഹൃദ്യമായിരിക്കുന്നു!’

> “ഇനിയും നിൻകഥ പറയൂ-
> തിരുമിഴിയിണകൾ നിറഞ്ഞു തുളുമ്പും നഷ്ട
> സ്മൃതികളിൽ നിന്നു മുണർന്നഴകാർന്ന
> പ്രഭാതത്തിന്റെ വിലോലകരാംഗുലി
> കുളിരണിയിക്കെ…”

ഇതിലെ ലയാത്മകത ആരെയും രസിപ്പിക്കും.

അലക്സേ കറൽ

1912-ൽ നോബൽ സമ്മാനം നേടിയ് ഫ്രഞ്ച് ജീവശാസ്ത്രജ്ഞൻ അലക്സേ കറൽ (Alexis Carrel) കൃത്രിമമായി ഹൃദയം നിർമ്മിച്ചു അതു പ്രവർത്തിപ്പിക്കുകയും ചെയ്തു. പക്ഷേ, നാസികൾ അധികാരത്തിൽ വന്നപ്പോൾ അദ്ദേഹം അവരോടു ചേർന്ന് തനിക്ക് ഹൃദയമില്ല, രക്താശയമേ ഉള്ളു എന്ന് തെളിയിച്ചു. നമ്മുടെ പല കവികൾക്കും ഹൃദയമില്ല, രക്താശയമേയുള്ളു. കവികളുടെ രക്താശയം ഹൃദയം കൂടിയായാൽ എത്ര നന്നായിരുന്നേനെ.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-നു ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും ‘സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ’ എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, ‘അതുകൊണ്ടാണല്ലോ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്’ എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.



സാഹിത്യവാരഫലം

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ ‘സ്വപ്നമണ്ഡലം’ (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട്ട് കടപ്പാട്ട്.)

പിൻകുറിപ്പ്

○ മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.

○ ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.

○ പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.

○ സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.

○ പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014